ഉത്തരം

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ പി. എ. ബി. എക്സിൽ ഇപ്പോൾ 5 ടെലിഫോൺ ലൈനുകളും 110 എക്സ്റ്റൻഷനുകളും ഉണ്ട്.

(ബി) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ടെലിഫോൺ എക്സ്ചേഞ്ചിന്റെ ശേഷി 240 എക്സ്റ്റൻഷനുകളായി വർദ്ധിപ്പിക്കുവാൻ 10-6-2003-ലെ സർക്കാർ ഉത്തരവ് (സ) നമ്പർ 444/നിയമം/03 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) പി. എ. ബി. എക്സ് സമ്പ്രദായം കൈകാര്യം ചെയ്യാൻ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) അതെ.

(ഇ) ഒരു ടെലിഫോൺ ഓപ്പറേറ്ററുടെ തസ്തിക സൃഷ്ടിക്കാനുള്ള പരിഗണനയിലാണ്.

അഡ്വക്കേറ്റ് ജനറൽ ഓഫീസിനെ സംബന്ധിച്ച്
പി. ആൻഡ് എ. ആർ. ഡി. യുടെ പഠനം

36 (4315) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ൽ 1989 അടിസ്ഥാനവർഷമാക്കി സംസ്ഥാന അഡ്വക്കേറ്റ് ജനറൽ ഓഫീസിനെ സംബന്ധിച്ച് പി. ആന്റ് എ. ആർ. ഡി. പഠനം നടത്തുക ഉണ്ടായോ :

(ബി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ 1995-ലെ അദ്ധ്യാനഭാരം മുൻനിർത്തി അവിടെ എത്ര തസ്തികകൾ അധികമായി സൃഷ്ടിക്കണമെന്ന് കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പഠന റിപ്പോർട്ടിൽ മറ്റ് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് ;

(ഡി) അധിക തസ്തിക സൃഷ്ടിക്കുന്നതിനും മറ്റു കാര്യങ്ങൾ തീരുമാനിക്കുന്നതിനും 13-8-1997-ൽ നിയമവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഹൈലെവൽ കോൺഫറൻസ് നടത്തുകയുണ്ടായോ ;

(ഇ) പ്രസ്തുത കോൺഫറൻസിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(എഫ്) അധികമായി എത്ര തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് പ്രസ്തുത കോൺഫറൻസിൽ തീരുമാനമായത് ;

(ജി) മുൻ സർക്കാർ അധികാരത്തിൽ നിന്ന് പോകുന്നതിന് മുമ്പ് അധിക തസ്തികകളിൽ നിയമനം നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിയ്ക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്നും എത്ര പേരെ ഇതിനകം നിയമിച്ചുവെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഇല്ലെങ്കിൽ അധികമായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ജെ) ഈ കാലതാമസം ഒഴിവാക്കി എന്നത്തേക്ക് നിയമനം നടത്താൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പി. ആൻഡ് എ. ആർ. ഡി. 1990-91-ൽ പഠനം നടത്തുകയുണ്ടായി.

(ബി) പി. ആൻഡ് എ. ആർ. ഡി. യുടെ പഠന റിപ്പോർട്ടിൽ 39 അധിക തസ്തികകൾ സൃഷ്ടിക്കുവാൻ ശിപാർശ ചെയ്തിരിക്കുന്നു.

(സി) 1. അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറിക്ക് കൂടുതൽ ഭരണപരവും ധനകാര്യാധികാര്യങ്ങളും ഏൽപ്പിച്ചുകൊടുക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

2. അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറിയുടെ തസ്തിക അഡീഷണൽ സെക്രട്ടറിയുടെ പദവിയിലേക്ക് ഉയർത്തണമെന്നും.

3. കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ റവന്യൂ പുളിൽ നിന്നും മാറ്റി അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ പ്രത്യേക പൂൾ സിസ്റ്റം ഏർപ്പാടാക്കണമെന്നും.

4. ജോയിന്റ് സെക്രട്ടറിയെ നിയമിച്ച് 6 മാസത്തിനുശേഷം ഓഫീസ് മാന്വൽ തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) 13-8-1997-ൽ നിയമ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ജീവനക്കാരുടെ സംഘടനകളുടെ ആവശ്യങ്ങളിന്മേൽ ചർച്ച നടത്തുന്നതിനായി ഒരു യോഗം കൂടുകയുണ്ടായി.

(ഇ) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ താഴെ പറയും പ്രകാരമാണ് :

1. അഡ്വക്കേറ്റ് ജനറൽ 2-7-1997-ലെ കത്തുപ്രകാരം ആവശ്യപ്പെട്ട അധിക തസ്തികകളുടെ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനും പരിശോധനയ്ക്കും വേണ്ടി അയയ്ക്കാമെന്നും വേണ്ടിവന്നാൽ ധനകാര്യവകുപ്പ് സെക്രട്ടറിയും ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യാമെന്നും ;

2. അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ഓഫീസർമാർക്ക് സെക്രട്ടറിയേറ്റിലേയും പി.എസ്.സി.-യിലെയും പോലെ സ്പെഷ്യൽ പേ അനുവദിക്കണമെന്ന ആവശ്യം ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് അയയ്ക്കാമെന്നും ;

3. കോമ്പൻസേറ്ററി അലവൻസ് വർദ്ധിപ്പിക്കുന്നകാര്യം ധനകാര്യ വകുപ്പിനെ കൊണ്ട് പരിശോധിപ്പിക്കാമെന്നും ;

LIBRARY ARCHIVES Kerala Legislative Assembly

4. ഓഫീസ് മാന്വൽ തയ്യാറാക്കാനും ;

5. അഡ്വക്കേറ്റ് ജനറൽ സബോർഡിനേറ്റ് സർവ്വീസിനുവേണ്ടി യുള്ള സ്പെഷ്യൽ റൂൾസിന് അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്ത് അന്തിമ രൂപം നൽകാനും ;

6. ഡ്രൈവർമാർക്ക് സ്പെഷ്യൽ പേ പ്രതിമാസം തുടയാക്കണമെന്ന ആവശ്യം ധനകാര്യവകുപ്പുമായി ആലോചിപ്പ് തീരുമാനം എടുക്കുവാനും ;

7. സെക്രട്ടേറിയറ്റ് പാരിറ്റി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കാനും ;

8. ക്ലറിക്കൽ അറ്റൻഡർ തസ്തിക ക്ലറിക്കൽ അസിസ്റ്റന്റ് എന്നാക്കി പുനർ നാമകരണം ചെയ്യുന്നകാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി വീണ്ടും അയയ്ക്കാനും തീരുമാനിക്കുകയുണ്ടായി.

(എഫ്) പ്രസ്തുത യോഗത്തിൽ അധിക തസ്തികകൾ ഒന്നും സൃഷ്ടിക്കാൻ തീരുമാനം കൈക്കൊണ്ടിരുന്നില്ല.

(ജി) മുൻ സർക്കാരിന്റെ കാലത്ത് വിവിധ വിഭാഗങ്ങളിലായി 66 തസ്തികകൾ സൃഷ്ടിയ്ക്കുകയുണ്ടായി.

(എച്ച്) 66 തസ്തികകളിലെ നിയമനം താഴെ പറയും പ്രകാരമാണ് :

അണ്ടർ സെക്രട്ടറി	-	1
സെക്ഷൻ ഓഫീസർ	-	5
ഓഫീസ് സൂപ്രണ്ട്	-	1
അസിസ്റ്റന്റ്	-	20
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	10
ടൈപ്പിസ്റ്റ്	-	8
ക്ലെറിക്കൽ അസിസ്റ്റന്റ്	-	4
പ്യൂൺ	-	16
പാർട്ട് ടൈം സ്വീപ്പർ	-	1

66 തസ്തികകളിലും നിയമനം നടന്നു.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) ചോദ്യം ഉദിക്കുന്നില്ല.

965/2019

LIBRARY ARCHIVES Kerala Legislative Assembly